ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:19.12.2024**

## പ്രധാനവാർത്തകൾ

1. പ്രതിപക്ഷ ബഹളത്തെ തുടർന്ന് തുടർച്ചയായ രണ്ടാം ദിവസവും പാർലമെൻറ് നടപടികൾ തടസ്സപ്പെട്ടു. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

2. സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ക്രിസ്മസ് പ്രമാണിച്ച് അനുവദിച്ച ഒരു ഗഡു തിങ്കളാഴ്ച മുതൽ ലഭ്യമാക്കുമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ.

3. കർഷകരുടെ ജീവിതത്തിൽ കൂടി സന്തോഷമെത്തിക്കാൻ കഴിഞ്ഞാൽ മാത്രമേ യഥാർത്ഥ വികസനം സാധ്യമാകൂ എന്ന് മന്ത്രി പി പ്രസാദ്.

4. ആന എഴുന്നള്ളത്തിന് കേരള ഹൈക്കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സ്റ്റേ ചെയ്ത് സുപ്രീംകോടതി.

5. ചലച്ചിത്ര പ്രേമികൾക്ക് വർണ വിസ്മയങ്ങൾ സമ്മാനിച്ച 29 -ാത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരശ്ശീല വീഴും.

6. ഇന്ത്യ- വെസ്റ്റ് ഇൻഡീസ് വനിതാ ടി-20 പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം അൽപസമയത്തിനകം.

**********************

RNU TVPM

## പാർലമെന്റ് -ഇന്നത്തേക്ക് പിരിഞ്ഞു

പ്രതിപക്ഷ ബഹളത്തെ തുടർന്ന് തുടർച്ചയായ രണ്ടാം ദിവസവും പാർലമെൻറ് നടപടികൾ തടസ്സപ്പെട്ടു. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഡോ ബി. ആർ അംബേദ്കറെക്കുറിച്ചുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പരാമർശത്തിനെതിരെയായിരുന്നു പ്രതിപക്ഷ പ്രതിഷേധം. ലോക്സഭ രാവിലെ സമ്മേളിച്ചപ്പോൾത്തന്നെ കോൺഗ്രസ്, ഡിഎംകെ, സമാജ്‌വാദി പാർട്ടി ഉൾപ്പെടെയുള്ള പ്രതിപക്ഷ കക്ഷികൾ കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പരാമർശത്തിനെതിരെ മുദ്രാവാക്യം മുഴക്കി . തുടർന്ന് ചില അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധം തുടർന്നതോടെ സ്പീക്കർ ഓം ബിർല സഭ 2 മണി വരെ നിർത്തിവക്കുകയായിരുന്നു. തുടർന്ന് ഉച്ചക്ക് വീണ്ടും സമ്മേളിച്ചപ്പോഴും പ്രതിഷേധം തുടർന്നതിനാൽ സഭ ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭയിൽ ശ്രീ അമിത് ഷായുടെ പരാമർശം ചൂണ്ടിക്കാട്ടി പ്രതിപക്ഷ എംപിമാർ നൽകിയ അടിയന്തര പ്രമേയത്തിന് അധ്യക്ഷൻ ജഗ്ദീപ് ധൻഖർ അനുമതി നൽകിയില്ല. ബഹളത്തെ തുടർന്ന് ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവെച്ച സഭ വീണ്ടും സമ്മേളിച്ചപ്പോഴും പ്രതിപക്ഷ അംഗങ്ങൾ ആഭ്യന്തര മന്ത്രിക്കെതിരെ പ്രതിഷേധമുയർത്തിയതോടെ രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു.

**********************

## സാമൂഹ്യസുരക്ഷ പെൻഷൻ

ക്രിസ്മസ് പ്രമാണിച്ച് സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു ഗഡു പെൻഷൻ അനുവദിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപവീതം ലഭിക്കുന്നത്. തിങ്കളാഴ്ച മുതൽ തുക ഗുണഭോക്താക്കൾക്ക് ലഭിച്ച്

RNU TVPM

തുടങ്ങുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 27 ലക്ഷം പേരുടെ ബാങ്ക് അക്കൗണ്ടിൽ തുക എത്തും. മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ കൈമാറും.

*********************

## പി പ്രസാദ്

കർഷകരുടെ ജീവിതത്തിൽ കൂടി സന്തോഷമെത്തിക്കാൻ കഴിഞ്ഞാൽ മാത്രമേ യഥാർത്ഥ വികസനം സാധ്യമാകൂ എന്ന് മന്ത്രി പി പ്രസാദ്. വിളകൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യാൽ മാത്രമേ സംസ്ഥാനത്തെ കാർഷിക മേഖല കൂടുതൽ ശക്തിപ്പെടുകയുള്ളൂ എന്ന് മന്ത്രി പറഞ്ഞു.

കേരള അഗ്രോ ബിസിനസ് കമ്പനിയായ കാബ്കോ കൊച്ചിയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

RNU TVPM

*********************

## ആന എഴുന്നള്ളത്ത് സ്റ്റേ

ആന എഴുന്നള്ളത്തിന് കേരള ഹൈക്കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സുപ്രീംകോടതി സ്റ്റേ ചെയ്തു. 2012 ലെ കേരള നാട്ടാന പരിപാലന ചട്ടങ്ങൾക്ക് വിരുദ്ധമായ മാർഗ നിർദ്ദേശങ്ങൾ സ്റ്റേ ചെയ്യുകയാണെന്ന് സുപ്രീം കോടതി പറഞ്ഞു. ഹൈക്കോടതി മാർഗ നിർദ്ദേശങ്ങൾ പ്രായോഗികമാണെന്ന് കരുതുന്നില്ലെന്ന് സുപ്രീംകോടതി വാക്കാൽ പറഞ്ഞു. തിരുവമ്പാടി, പാറമേക്കാവ്, ദേവസ്വങ്ങൾ സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതി ഉത്തരവ്. ആനകൾ തമ്മിൽ മൂന്ന് മീറ്റർ അകലം, ആനകളും ജനങ്ങളും തമ്മിൽ എട്ട് മീറ്റർ അകലം വേണം തുടങ്ങിയ നിരവധി നിയന്ത്രണങ്ങളാണ്

ഹൈക്കോടതി ഏർപ്പെടുത്തിയിരുന്നത്. ജസ്റ്റിസ് ബി വി നാഗരത്ന, ജസ്റ്റിസ് എൻ ബി സിംഗ് എന്നിവരുൾപ്പെട്ട ബഞ്ചാണ് കേസ് പരിഗണിച്ചത്.

**********************

## എം ബി രാജേഷ് (ഇൻട്രോ)

സർക്കാർ നിയോഗിച്ച നഗരനയ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട് മുഖ്യമന്ത്രിക്ക് ഇന്നലെ സമർപ്പിച്ചതായി മന്ത്രി

എം ബി രാജേഷ് . അന്തിമ റിപ്പോർട്ട് മാർച്ച് 31 ന് മുൻപ് കമ്മീഷൻ സർക്കാരിന് സമർപ്പിക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ് വോയ്സ്)

RNU TVPM

**********************

## അന്താരാഷ്ട്ര ലൈവ്സ്റ്റോക്ക് കോൺക്ലേവ്

വയനാട് പൂക്കോട് കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് സർവകലാശാലയിൽ നടക്കുന്ന അന്താരാഷ്ട്ര ലൈവ്സ്റ്റോക്ക് കോൺക്ലേവ് മന്ത്രി ജെ. ചിഞ്ചുറാണി മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. കന്നുകാലി, മൃഗസംരക്ഷണ മേഖലകളുടെ സമഗ്ര വികസനവും ക്ഷീര കർഷകരുടെ ഉന്നമനവും ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ വളർത്തുമൃഗങ്ങൾ, കന്നുകാലികൾ, ഡയറി ഫാമിങ്, അക്വഫാമിങ്, പോൾട്രി, അഗ്രിക്കൾച്ചർ മേഖലയിലെ സ്റ്റാളുകൾ ഒരുക്കും.

**********************

## കെഎസ് യു പ്രതിഷേധം

ക്രിസമസ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ചയിൽ തിരുവനന്തപുരത്ത് കെ എസ് യു വിന്റെ പ്രതിഷേധം. വഴുതക്കാട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലേക്ക് കെ എസ് യു നടത്തിയ പ്രതിഷേധ പ്രകടനത്തിൽ സംഘർഷം ഉണ്ടായതിനെ തുടർന്ന് പൊലീസ് ജലപീരങ്കി പ്രയോഗിച്ചു. പ്രവർത്തകർ ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ചതിനെ തുടർന്നാണ് സംഘർഷമുണ്ടായത്.

**********************

## ഐ.എഫ്.എഫ്.കെ

ചലച്ചിത്ര പ്രേമികൾക്ക് ആവേശം സമ്മാനിച്ച 29 -ാത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരശ്ശീല വീഴും. മേളയിൽ ഒട്ടുമിക്ക ചിത്രങ്ങളുടേയും ആദ്യ പ്രദർശനം പൂർത്തിയായി. ഈ മാസം 13 ന് ആരംഭിച്ച മേളയിൽ 68 രാജ്യങ്ങളിൽ നിന്നായി 177 ചലച്ചിത്രങ്ങളാണ് പ്രേക്ഷകർക്ക് മുന്നിൽ എത്തിയത്. 15 തീയറ്ററുകളിൽ നിറഞ്ഞ സദസ്സിലാണ് പ്രദർശനം നടക്കുന്നത്.

RNU TVPM

**********************

## ചൂരൽമല-KSFE

ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിതരായ രണ്ടുപേർക്ക് വായ്പാതുക ഉടൻ തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട്നോട്ടീസ് അയച്ചത് അബദ്ധത്തിലെന്ന് KSFE. കംപ്യൂട്ടറിൽ വന്ന തകരാണ് 2 പേർക്ക് നോട്ടീസ് ലഭിക്കാൻ ഇടയായത്. ദുരന്തബാധിതരെ ബുദ്ധിമുട്ടിക്കില്ലെന്ന് കെഎസ്എഫ്ഇ മേപ്പാടി ബ്രാഞ്ച് മാനേജർ വ്യക്തമാക്കി.

**********************

## എം-പോക്സ് (ഇൻട്രോ)

എം പോക്സ് സ്ഥിരീകരിച്ച കണ്ണൂർ സ്വദേശിയുടെ റൂട്ട് മാപ്പ് ജില്ലാ ആരോഗ്യവകുപ്പ് പുറത്തു വിട്ടു. എംപോക്സ് രോഗികളുമായി സമ്പർക്കത്തിൽ വന്നവർക്ക് രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ നിർദേശിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

**********************

## ഇന്ത്യ- വെസ്റ്റ് ഇൻഡീസ് വനിതാ ടി-20

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് വനിതാ ടി-20 പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന് നവി മുംബൈയിലെ ഡി വൈ പാട്ടീൽ സ്പോർട്സ് അക്കാദമിയിൽ നടക്കും. വൈകുന്നേരം 7 മണിയ്ക്കാണ് മത്സരം. നിലവിൽ പരമ്പരയിലെ ഓരോ കളികൾ വീതം ഇരു ടീമുകളും ജയിച്ചിട്ടുണ്ട്.

RNU TVPM

**********************

## കളമശ്ശേരി ഗവൺമെൻറ് മെഡിക്കൽ കോളേജ്

കളമശ്ശേരി സർക്കാർ മെഡിക്കൽ കോളേജിൽ 384 കോടി രൂപ ചെലവിൽ സ്ഥാപിക്കുന്ന കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ അടുത്തമാസം 30 ന് നിർമ്മാണം പൂർത്തിയാക്കി സർക്കാരിന് കൈമാറുമെന്ന് മന്ത്രി പി രാജീവ്. 257 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന മെഡിക്കൽ കോളേജിലെ സൂപ്പർ

സ്പെഷ്യാലിറ്റി ബ്ലോക്ക് ഫെബ്രുവരി അവസാനത്തോടെ പൂർത്തിയാക്കുമെന്നും അദ്ദേഹം അറിയിച്ചു.

**********************

## എ. എൻ. ഷംസീർ -അന്താരാഷ്ട്ര പുസ്തകോത്സവം

കേരള നിയമസഭയുടെ മൂന്നാമത് അന്താരാഷ്ട്ര പുസ്തകോത്സവം അടുത്തമാസം ഏഴിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കല, സാഹിത്യം, സാംസ്കാരികം തുടങ്ങിയ മേഖലകളിലെ സമഗ്ര സംഭാവനയ്ക്ക് നൽകുന്ന നിയമസഭാ അവാർഡിന് ഇത്തവണ സാഹിത്യകാരൻ l

എം മുകുന്ദൻ തെരഞ്ഞെടുക്കപ്പെട്ടതായി സ്പീക്കർ എ. എൻ. ഷംസീർ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഒരു ലക്ഷം രൂപയാണ് അവാർഡ് തുക. ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കർണാടക സ്പീക്കർ യു.ടി ഖാദർ, പ്രശസ്ത സാഹിത്യകാരൻ ദേവദത് പട് നായിക് എന്നിവർ മുഖ്യാതിഥികളായിരിക്കും.

RNU TVPM

**********************

## കിണറ്റിൽ വീണു

പത്തനംതിട്ടയിൽ കാൽവഴുതി കിണറ്റിൽ വീണ ഗർഭിണിയെ അഗ്നിരക്ഷാ സേന കിണറ്റിൽ ഇറങ്ങി രക്ഷപ്പെടുത്തി. മല്ലപ്പുഴശ്ശേരി പുന്നക്കാട് കഞ്ഞിക്കൽ വീട്ടിൽ റൂബിയാണ് കിണറ്റിൽ വീണത്. പരിശോധനയിൽ അമ്മയ്ക്കും, ഗർഭസ്ഥശിശുവിനും കുഴപ്പമൊന്നുമില്ലെന്ന് കണ്ടെത്തി.

**********************

## തോട് ശുചീകരണം - എം ബി രാജേഷ്

തിരുവനന്തപുരം നഗരത്തിലെ ആമയിഴഞ്ചാൻ തോട് ശുചീകരണം വേഗത്തിൽ പൂർത്തിയാക്കുമെന്നും ഇതിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും മന്ത്രി എം ബി രാജേഷ്.

**********************

## ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്

വിനോദസഞ്ചാര മേഖലക്ക് പുത്തനുണർവ് നൽകുന്നതിനും മലബാറിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും വിനോദ സഞ്ചാര വകുപ്പും ഭരണകൂടവും ജില്ലാ ടൂറിസം പ്രോത്സാഹന സമിതിയും സംയുക്തമായി സംഘടിപ്പിക്കുന്ന ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ് ഈ മാസം 27 മുതൽ 29 വരെ നടക്കുമെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ്. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ ഹിക്കും.

RNU TVPM

**********************

## ശബരിമല തീർത്ഥാടകരുടെ ബസ് മറിഞ്ഞു

ദേശീയപാതയിൽ ഇടുക്കി പെരുവന്താനത്തിന് സമീപം തമിഴ്നാട് സ്വദേശികളായ ശബരിമല തീർത്ഥാടകർ സഞ്ചരിച്ചിരുന്ന മിനി ബസ് മറിഞ്ഞ് അപകടം. ബ്രേക്ക് നഷ്ടപ്പെട്ട മിനി ബസ് റോഡിന്റെ വശത്തെ തിട്ടയിൽ ഇടിച്ച് റോഡിൽ മറിയുകയായിരുന്നു.

**********************

**************

************